പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –1667 25. 03. 2013- ലെ മറുപടി

ഗൾഫ് നാട്ടുകളിലെ എംബസികളിലെ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) |
| (എ) ഗൾഫ് നാട്ടുകളിലെ എംബസികളിലെ സേവനം മെച്ചപ്പെടുത്തുന്നതിനായി 2011 ന് ശേഷം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | (എ) സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | (ബി) വിദേശരാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് വളരെ പരിമിതമായ പരാതികൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഏറ്റവും പ്രധാന കാര്യം എന്നത് ഗൾഫ് രാജ്യങ്ങളിലെ, പ്രത്യേകിച്ചും ഏറ്റവും കൂടുതൽ അവിദഗ്ധ തൊഴിലാളികൾ പണിയെടുക്കുന്ന സൗദി അറേബ്യ പോലുള്ള രാജ്യങ്ങളിലെ, ഇന്ത്യൻ എംബസികളിൽ ആവശ്യത്തിന് മലയാളി ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ പരാതി സമർപ്പണത്തിനും ആശയ വിനിമയത്തിനും ബുദ്ധിമുട്ട് നേരിടുന്നു എന്നുള്ളതാണ്. ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങൾ പ്രവാസി മലയാളികളുടെ മാത്രം പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ളതല്ല, മറിച്ച് വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഇന്ത്യാക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടവരാണ് എന്നതിനാൽ ഒരു പരിധിയിൽ കൂടുതൽ മലയാളി ഉദ്യോഗസ്ഥരെ നിയമിക്കാൻ ആവശ്യപ്പെടുന്നത് അനുചിതമായിരിക്കും. എന്നിരുന്നാലും പ്രവാസി മലയാളികളുടെ ബാഹുല്യം കണക്കിലെടുത്ത് എംബസികളിൽ ആവശ്യത്തിന് മലയാളി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ